# 15 -ാം കേരള നിയമസഭ

## 4 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1559** **15-03-2022 - ൽ മറുപടിയ്ക്ക്**

## മലമ്പുഴ മണ്ഡലത്തിലെ കേരഗ്രാമം പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | null<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | മലമ്പുഴ മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളിലാണ് കേരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ; | (എ) | മലമ്പുഴ മണ്ഡലത്തിൽ പുതുപ്പരിയാരം-പുതുശ്ശേരി പഞ്ചായത്തുകളെ ചേർത്ത് 2018-19 വർഷത്തിൽ കേരഗ്രാമം പദ്ധതി നടപ്പിലാക്കി. |
| (ബി) | മണ്ഡലത്തിലെ മലമ്പുഴ ഗ്രാമപഞ്ചായത്തിൽ കൂടി പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിക്കുമോ; | (ബി) | തുടർച്ചയായ 250 ഹെക്ടർ പ്രദേശത്തു തെങ്ങു കൃഷി ഉള്ള പ്രദേശം തിരഞ്ഞെടുത്താണ് കേരഗ്രാമം പദ്ധതി നടപ്പിലാക്കുന്നത്. മലമ്പുഴ പഞ്ചായത്തിൽ കേരഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിനുള്ള സാദ്ധ്യത പരിശോധിക്കുന്നതാണ്. |
| (സി) | പ്രസ്തുത പദ്ധതി മുഖാന്തിരം കർഷകർക്ക് എന്തെല്ലാം നേട്ടങ്ങളാണ് ലഭിക്കുന്നതെന്ന് വിശദമാക്കാമോ? | (സി) | 250 ഹെക്ടർ തെങ്ങുകൃഷി തുടർച്ചയായുള്ള പ്രദേശം തിരഞ്ഞെടുത്താണ് കേരഗ്രാമം പദ്ധതി നടപ്പിലാക്കി വരുന്നത്. പ്രസ്തുത പ്രദേശത്തെ തെങ്ങ് കൃഷിയുടെ അഭിവൃദ്ധിക്കായി സംയോജിത പരിചരണമുറകൾ, ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ, ജൈവവള ഉൽപ്പാദനം, തെങ്ങ് കയറ്റയന്ത്രങ്ങളുടെ വിതരണം എന്നീ സഹായ പദ്ധതികൾ നടപ്പിലാക്കുന്നു. സംയോജിത പരിചരണമുറകളുടെ ഭാഗമായി തടം തുറക്കൽ, കളനിയന്ത്രണം, പുതയിടീൽ, തൊണ്ട് കുഴിച്ചിടീൽ, മണ്ണ് പരിപോഷണ വസ്തുക്കൾ, ജൈവ രാസവളങ്ങൾ, ജീവാണുവളങ്ങൾ എന്നിവയുടെ പ്രയോഗം, പ്രായാധിക്യം വന്ന തെങ്ങ് മുറിച്ച് മാറ്റി മേൽത്തരം തെങ്ങിൻ തൈകൾ വച്ചുപിടിപ്പിക്കൽ, ഇടവിളകൃഷി എന്നിവ നടപ്പിലാക്കുന്നു. ഇതിന് പുറമെ സാധ്യമായ കേരഗ്രാമങ്ങളിൽ മിനികയർ നിർമ്മാണ/ സംസ്കരണ യൂണിറ്റുകൾ, കേരാധിഷ്ഠിത മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണ യൂണിറ്റുകൾ തുടങ്ങിയ സംരംഭങ്ങളും പ്രോത്സാഹിപ്പിക്കുന്നതിനും സഹായം നൽകുന്നു. ശാസ്ത്രീയ കൃഷി പരിപാലന മുറകൾ ഉൾപ്പെടെയുള്ള മേൽപ്പറഞ്ഞ പ്രവർത്തനങ്ങളിലൂടെ തെങ്ങിന്റെ ഉല്പാദനവും, ഉല്പാദനക്ഷമതയും വർദ്ധിപ്പിച്ചും മൂല്യവർദ്ധനവിലൂടെയും കേരകർഷകരുടെ വരുമാന വർദ്ധനവ് സാദ്ധ്യമാക്കുന്നു. കേരഗ്രാമം |

| | | | | |
|---|---|---|---|---|
| | | | | പദ്ധതിയിലൂടെ കർഷകർക്ക് 3 വർഷത്തേക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നു. സംസ്ഥാന വിഹിതമായി ഒന്നാം വർഷം 50.17 ലക്ഷം രൂപയുടെയും രണ്ടാം വർഷം 20.01 ലക്ഷം രൂപയുടെയും മൂന്നാം വർഷം 6.25 ലക്ഷം രൂപയുടെയും സഹായം കേരഗ്രാമം പദ്ധതിയിലൂടെ കർഷകർക്ക് ലഭ്യമാക്കുന്നു. ഒന്നാം വർഷം കേരഗ്രാമം പദ്ധതിയിലൂടെ കർഷകർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ ഇപ്രകാരമാണ്. 1. സംയോജിത പരിചരണ മുറകൾ സ്വീകരിക്കുന്നതിന് ഹെക്ടറിന് 25000/- രൂപ പ്രകാരം 250 ഹെക്ടറിന് (ഒരു കേരഗ്രാമത്തിന്) 62.50 ലക്ഷം രൂപ. ഇതിൽ താഴെ പറയുന്ന ഘടകങ്ങൾ അതാത് പ്രദേശത്തിന് യോജിക്കുന്ന വിധം തെരഞ്ഞെടുക്കാവുന്നതാണ്. a) ഇടയിളക്കൽ. തടം തുറക്കൽ, പുതയിടീൽ - 35 രൂപ/തെങ്ങ് (b) തൊണ്ട് കുഴിച്ചിടീൽ - 50 രൂപ/തെങ്ങ് (c) കുമ്മായം - 9 രൂപ/തെങ്ങ് (d) രാസവളം - 20 രൂപ/തെങ്ങ് (e) മഗ്നീഷ്യം സൾഫേറ്റ് - 3.75രൂപ/തെങ്ങ് (f) ജൈവവളം - 25 രൂപ/തെങ്ങ് (g) സസ്യസംരക്ഷണം - 10 രൂപ/തെങ്ങ് (h) ജീവാണുവളങ്ങൾ,ജൈവീക നിയന്ത്രണോപാധികൾ പ്രയോഗിക്കുന്നതിന് - 75രൂപ/തെങ്ങ് (i) രോഗം ബാധിച്ചതും ഉൽപ്പാദനശേഷിനശിച്ച തെങ്ങ് മുറിച്ചുമാറ്റുന്നതിന് - 1000 രൂപ/തെങ്ങ് (j) ഗുണമേൻമയുള്ള തെങ്ങിൻ തൈകൾ നടുന്നതിന് - 60രൂപ/തെങ്ങ് (k) ഇടവിള കൃഷി - 6000രൂപ/ഹെക്ടറിന് 2. സൂക്ഷ്മ ജലസേചന സൗകര്യമുൾപ്പെടെയുള്ള ജലസേചന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിന് ഹെക്ടറിന് 25000/-രൂപ. 3. തെങ്ങ് കയറ്റ യന്ത്രങ്ങൾ ഒരു യന്ത്രത്തിന് 2000/- രൂപ നിരക്കിൽ കർഷകർക്ക് ലഭ്യമാണ്. 4. ജൈവവള ഉൽപ്പാദന യൂണിറ്റുകൾ, ഒരു യൂണിറ്റിന് 10,000/- രൂപ നിരക്കിൽ ആനുകൂല്യം. 5. മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ യൂണിറ്റ് സ്ഥാപിക്കൽ, മിനി കയർ നിർമ്മാണ/ സംസ്കരണ യൂണിറ്റ് സ്ഥാപിക്കൽ, പഞ്ചായത്ത് തല കേര സമിതികൾക്കുള്ള പ്രവർത്തന ചെലവ്, മറ്റ് കൂട്ടായ പ്രവർത്തനങ്ങൾക്കായി 5 ലക്ഷം രൂപ. 6. താല്പര്യമുള്ള കേര ഗ്രാമങ്ങൾക്ക് കേരാധിഷ്ഠിത മൂല്യവർദ്ധന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് SFAC മുഖാന്തിരം പരമാവധി 25 ലക്ഷം രൂപയുടെ പ്രോജക്ട് അധിഷ്ഠിത ധനസഹായം. കൂടാതെ കേരഗ്രാമവുമായി ബന്ധപ്പെട്ടുള്ള കൃഷി ഭവനുകളുടെ പ്രവർത്തന ചെലവായി 15000/- രൂപയും നൽകുന്നു. |

സെക്ഷൻ ഓഫീസർ